## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4113 27/06/2012-ൽ മറുപടിക്ക്

## ഊരുകൂട്ടങ്ങൾ കേന്ദ്രീകരിച്ച് റേഷൻ കടകളും, പി.എച്ച്.സി സബ്സെന്ററുകളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.റ്റി.എ. റഹീം<br>പ്രൊഫ.സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, പുരുഷൻ കടലുണ്ടി | | കുമാരി. പി.കെ. ജയലക്ഷ്മി<br>*(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)* | |
| എ | പട്ടികവർഗ്ഗക്കാരായ ജനവിഭാഗങ്ങൾ പട്ടിണിയിലും, വിവിധ രോഗങ്ങൾ ക്കടിമപ്പെട്ടും കഴിയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | പട്ടികവർഗ്ഗക്കാരിൽ പട്ടിണിയുടെ സാഹചര്യം നിലവിലില്ലാത്തതാകുന്നു. എന്നാൽ ഇവർക്കി ടയിൽ സിക്കിൾ സെൽ അനീമിയ, ക്ഷയം തുടങ്ങിയ രോഗങ്ങൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| ബി | പദ്ധതികൾ നടപ്പാക്കുന്നതിലെ വീഴ്ചകൾ മൂലം പോഷണ, ആരോഗ്യ, ജീവിത നിലവാര സൂചികകളിൽ ഇവർ വളരെ താഴെയാണെന്നുള്ള കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; | ബി | സമീകൃതാഹാരത്തിന്റെ കുറവു മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ, മദ്യപാനം, പുകയിലയുടെ അമിതമായ ഉപയോഗം എന്നിവ മൂലമുള്ള പ്രശ്നങ്ങളും, പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്നു. ആരോഗ്യരംഗത്ത് ഇപ്രകാരമുള്ള വെല്ലുവിളികളുണ്ടെങ്കിലും പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാര സൂചികയുടെ ദിശ താഴേക്കാണെന്ന് പറയുവാൻ സാധിക്കുകയില്ല. പൊതുവിൽ ഇവരുടെ ജീവിത നിലവാരം വളരെയേറെ മെച്ചപ്പെടുന്നതായിട്ടാണ് കാണുന്നത്. |
| സി | ഇവരുടെ ഭക്ഷണ, ആരോഗ്യ കാര്യങ്ങൾക്കായി ചെലവിടുന്നതുക യഥാസ്ഥാനത്ത് എത്തുന്നു എന്നുറപ്പിക്കാൻ നിലവിൽ സംവിധാനം ഉണ്ടോ; | സി | പട്ടികവർഗ്ഗക്കാരുടെ ഭക്ഷണ-ആരോഗ്യ കാര്യങ്ങൾ ഉൾപ്പെടെയുള്ള ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കായി ചെലവിടുന്ന തുക യഥാസമയം, യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിന് പട്ടികവർഗ്ഗക്കാരായ പ്രൊമോട്ടർമാരെ നിയോഗിച്ചിട്ടുണ്ട്. ഈ തുകയുടെ വിനിയോഗം ഉറപ്പാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | വിവിധ തലങ്ങളിലുള്ള പരിശോധനകൾ നടത്തുന്നുണ്ട്. ഇതിലേക്കായി ഭരണ തലത്തിൽ പട്ടികവർഗ്ഗ ഡയറക്ടറുടെ കാര്യാലയം കേന്ദ്രീകരിച്ച് പ്ലാനിംഗ് & മോണിറ്ററിംഗ് വിഭാഗവും ഇന്റേണൽ ആഡിറ്റ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. |
| ഡി | പ്രശ്നപരിഹാരത്തിനായി ഊരുകൂട്ടങ്ങൾ കേന്ദ്രീകരിച്ച് റേഷൻ കടകളും, പി.എച്ച്.സി സബ്സെന്ററുകളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ? | ഡി | ഓരോ ഊരുകൂട്ടവും കേന്ദ്രീകരിച്ച് റേഷൻ കടയും പബ്ലിക് ഹെൽത്ത് സെന്ററും സ്ഥാപിക്കുന്നത് പ്രായോഗികമല്ല. ഇടമലക്കുടി പോലുള്ള പ്രദേശങ്ങളിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനുള്ള കടത്തുകൂലി സർക്കാർ വഹിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ